# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 169 01.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മാഫിയകൾക്കെതിരെ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വളർന്നുവരുന്ന മണൽമാഫിയ, പാറഖനന മാഫിയ, പെൺവാണിഭ മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കടത്തി നിർബന്ധ തൊഴിൽ ചെയ്യിക്കൽ, തുടങ്ങിയവ കൂടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) ഇത്തരം മാഫിയ പ്രവർത്തനങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഈ സർക്കാർ വന്നശേഷം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാഫിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ഇത്തരം കേസുകളിൽ ഉൾപ്പെടെ എത്രപേരുടെ പേരിൽ ഗുണ്ടാ ആക്ട് പ്രകാരം കേസുകൾ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) ഇത്തരം മാഫിയ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട 11 പേർക്കെതിരെ (തിരുവനന്തപുരം സിറ്റി-3, കൊല്ലം സിറ്റി-8) ഗുണ്ടാ ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) ഇത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ്, റവന്യൂ മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം ഏതെല്ലാം കേസുകളിലാണ് ഇവർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ: | (ഡി) പോലീസ് വകുപ്പിൽ നിന്നും ശ്രീ. പ്രതീഷ് കെ.പി., സിവിൽ പോലീസ് ഓഫീസർ(ഡ്രൈവർ) എന്നയാൾ രാമങ്കരി പോലീസ് സ്റ്റേഷനിലെ ക്രൈം.നം.523/13 എന്ന കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ, മറ്റു വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ മാഫിയാ പ്രവർത്തനങ്ങളുടെ പേരിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) ഇവരെ നിയന്ത്രിക്കാനും ഇവരുടെ പ്രവൃത്തികൾ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുമായി എന്ത് നൂതന നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) നിലവിൽ ഇത്തരക്കാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 | 2014 (നവംബർ 24 വരെ) |
|---|---|---|---|---|
| മണൽ മാഫിയ | 25 | 16 | 0 | 2 |
| പാറഖനന മാഫിയ | 0 | 0 | 0 | 0 |
| പെൺവാണിഭ മാഫിയ | 0 | 0 | 0 | 0 |
| മനുഷ്യക്കടത്ത് | 0 | 1 | 2 | 4 |
| കുട്ടികളെ കടത്തി നിർബന്ധിത തൊഴിൽ ചെയ്യിക്കൽ | 1 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ